# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *532 — 19.05.2017-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് സ്വയംതൊഴിൽ - വൈദഗ്ദ്ധ്യപരിശീലന പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.ഒ. ആർ. കേളു<br>ശ്രീ.പി.ടി.എ. റഹീം<br>ശ്രീ.ബി.സത്യൻ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |

| | ചോദ്യം | | മറുപടി |
| --- | --- | --- | --- |
| എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി സ്വയം തൊഴിലിനും വൈദഗ്ദ്ധ്യ പരിശീലനത്തിനുമുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | എ) | ഉണ്ട്.<br>സംസ്ഥാനത്ത് പട്ടികവർഗ്ഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി സ്വയംതൊഴിലിനും വൈദഗ്ദ്ധ്യ പരിശീലനത്തിനുമുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ആയതിന് "പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം" എന്ന ശീർഷകം നിലവിലുണ്ട്. കൂടാതെ കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, ആർട്ടിക്കിൾ 275(1), എസ്.സി.എ ടു ടി.എസ്.പി എന്നീ പദ്ധതികളിലുൾപ്പെടുത്തി നൈപുണ്യ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| ബി) | പ്രസ്തുത പദ്ധതി പ്രകാരം ഈ വിഭാഗക്കാർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി എത്ര രൂപയാണ് ലഭിക്കുന്നതെന്നും ഇത് | ബി) | പട്ടികവർഗ്ഗ യുവതീ യുവാക്കളിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഉപജീവന മാർഗ്ഗത്തിനു വേണ്ടി സ്വയം തൊഴിൽ സംവിധാനം വഴി സഹായം നൽകാൻ ലക്ഷ്യമിട്ടിരിക്കുന്നു. ഇതുവഴിയുള്ള |

| | | | |
|---|---|---|---|
| | ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | | പരമാവധി സഹായം 1.5 ലക്ഷം രൂപയാണ്. 60 ശതമാനത്തോളം ഗുണഭോക്താക്കൾ സ്ത്രീകളായിരിക്കണം. അനാഥർ, വിധവകൾ, അവിവാഹിതരായ അമ്മമാർ, സ്ത്രീകൾ ഗൃഹനാഥകളായുള്ള കുടുംബം എന്നിവർക്ക് മുൻഗണന നൽകുന്നതാണ്. ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെ പറയുന്നവയാണ്.<br>• പെട്ടിക്കടകൾ ആരംഭിക്കൽ, ഫോട്ടോസ്റ്റാറ്റ് കടകൾ, പ്രൊവിഷൻ സ്റ്റോറുകൾ, സ്റ്റേഷനറി കടകൾ, ബേക്കറി, ഡി.ടി.പി സെന്ററുകൾ, തയ്യൽ സ്ഥാപനങ്ങൾ തുടങ്ങിയവ<br>• കോഴി വളർത്തൽ കേന്ദ്രം, ആടുവളർത്തൽ കേന്ദ്രം, ക്ഷീര യൂണിറ്റുകൾ, കന്നുകുട്ടി പരിപാലനം, തേനീച്ച വളർത്തൽ, മുയൽ വളർത്തൽ തുടങ്ങിയവ<br>• നിർമ്മാണമേഖലയുമായി ബന്ധപ്പെട്ട ആശാരിപ്പണി (തച്ചൻ), മേസ്തിരി, ഇലക്ട്രീഷ്യൻ, പ്ലംബർ തുടങ്ങിയ ജോലിയിലേർപ്പെടുന്ന പട്ടികവർഗ്ഗ യുവാക്കൾക്ക് അംഗീകാരപത്രം ലഭ്യമാക്കാൻ ലേബർ ബാങ്കുകൾ രൂപീകരിക്കുക മുതലായവ<br>• പ്രശസ്തമായ പരിശീലന കേന്ദ്രങ്ങളിൽ പാരാമെഡിക്കൽ, നഴ്സിംഗ് കോഴ്സുകളിലേയ്ക്കും ഐ.ടിയുമായി ബന്ധപ്പെട്ട പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കും പട്ടികവർഗ്ഗ യുവാക്കൾക്ക് പരിശീലനം നൽകുക<br>• ഐ.ടിയുമായി ബന്ധപ്പെട്ട വിഷയങ്ങളായ ഡി.സി.എ, പി.ജി.ഡി.സി.എ, ഡാറ്റാ |

| | | | |
|---|---|---|---|
| | | | എൻടി, ഡി.ടി.പി, എം.എസ് ഓഫീസ്, ടാലി & കമ്പ്യൂട്ടറൈസഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് എന്നിവയയ്ക്ക് പരിശീലനം.<br>• പട്ടികവർഗ്ഗ യുവാക്കൾക്ക് പരിശീലന കേന്ദ്രങ്ങളായ തിരുവനന്തപുരത്തെ (കിറ്റ്സ്) ഭക്ഷ്യ സാങ്കേതിക വിദ്യയിലും, എൻ.റ്റി.റ്റി.എഫ് സാങ്കേതിക വിദ്യയിലും പരിശീലനം നൽകുക. കോവളത്തെയും ലക്കിടിയിലെയും ഹോട്ടൽ മാനേജ്മെന്റിലും ഹോസ്പിറ്റാലിറ്റി മാനേജ്മെന്റിലും കാറ്ററിംഗ് ടെക്നോളജിയിലുള്ള പരിശീലനം, കിൻഫ്രയിലെ തുന്നൽ പരിശീലനം, മറ്റു പ്രശസ്തമായ സ്ഥാപനങ്ങളിൽ പരിശീലനം നടത്തുക തുടങ്ങിയവ ഉൾപ്പെടുന്നു. സ്ഥാപനങ്ങൾ തെരഞ്ഞെടുക്കുന്നത് സർക്കാർ മാനദണ്ഡ പ്രകാരമായിരിക്കും.<br>• പി.എസ്.സി, യു.പി.എസ്.സി, എസ്.എസ്.സി/ ആർ.ആർ.ബി, ബാങ്ക് പരീക്ഷകൾക്കുള്ള പരിശീലനം.<br>• ഗോത്രവർഗ്ഗ ഭാഷ ഉൾപ്പെടെ നൈപുണ്യ ശിക്ഷണം<br>• പട്ടികവർഗ്ഗക്കാർക്കുള്ള സാക്ഷരതാ പരിപാടികളും അനൗദ്യോഗിക വിദ്യാഭ്യാസവും പ്രോത്സാഹിപ്പിക്കുക.<br>• പ്രൊഫഷണൽ കോഴ്സുകളിലേയ്ക്ക് പ്രവേശനമാഗ്രഹിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എൻട്രൻസ് അധിഷ്ഠിത പരിശീലനം. |

| | | | |
|---|---|---|---|
| | | | • പാരമ്പര്യ വൈദ്യത്തിനും, ആയുർവേദത്തിനുമുള്ള പരിശീലനം<br>• വിദ്യാർത്ഥികൾക്ക് എഞ്ചിനീയറിംഗ് കോഴ്സിനു മുമ്പ് പരിശീലനം നൽകുക.<br>• ഐ.ടി.ഐ, ഐ.ടി.സി പാസ്സായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അധിക അപ്രന്റീസ്ഷിപ്പിനുള്ള സൗകര്യങ്ങൾ നൽകുക.<br>• പ്ലസ് ടു, ബിരുദധാരികൾ തുടങ്ങിയവർക്ക് കരിയർ വികസനം ഓറിയന്റേഷൻ ക്ലാസുകളും നൽകുക<br>• ബിരുദധാരികൾ, ബിരുദാനന്തര ബിരുദധാരികൾ, ബിരുദധാരികളല്ലാത്തവർ തുടങ്ങിയവർക്ക് നൈപുണ്യ വികസനത്തിനായുള്ള ഫിനിഷിംഗ് സ്കൂൾ.<br>• അഭ്യസ്ത വിദ്യരായ യുവാക്കൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ടി കരിയർ ഗൈഡൻസ് സെന്റർ വഴിയുള്ള പരിശീലനം/അറിവ് വളർത്തുക/ആത്മ വിശ്വാസം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള കൗൺസിലിംഗ് കേന്ദ്രം എന്നിവയുള്ള സഹായം.<br>• നൈപുണ്യ വികസനത്തിനായുള്ള പ്രോജക്ടുകൾ/സംരഭകത്വ വികസനം/ വ്യക്തിത്വ വികസനം/പ്രത്യേക കോച്ചിംഗും. ഇന്ത്യയിലും വിദേശത്തും ജോലികൾക്കുള്ള അവസരങ്ങൾക്ക് സഹായം നൽകുക |

| | | | |
|---|---|---|---|
| | | | തുടങ്ങിയവ ഈ പദ്ധതിക്ക് കീഴിൽ വരുന്നു.<br>• 2017-18 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപ ഈ പരിപാടിക്കായി വകയിരുത്തിയിട്ടുണ്ട്. |
| സി) | പ്രൊഫഷണൽ കോഴ്സുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരീക്ഷാ പരിശീലനം നൽകുന്നതിനുള്ള നടപടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | സി) | 12-ാം തരത്തിൽ സയൻസ്, കണക്ക് വിഷയങ്ങളെടുത്ത് പഠനം നടത്തിയ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നീറ്റ്, എഞ്ചിനീയറിംഗ്, അഗ്രികൾച്ചർ തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്ക് പൊതു പ്രവേശന പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നതിലേയ്ക്കായി ഒരു വർഷത്തെ തീവ്ര പരിശീലനം നൽകി വരുന്നു.<br>2017-ലെ നീറ്റ് പ്രവേശന പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കുന്നതിനായി 2016 ആഗസ്റ്റ് മുതൽ 2017 മെയ് വരെ നീണ്ടു നിൽക്കുന്ന പ്രവേശന പരീക്ഷാ പരിശീലനം, ടി രംഗത്ത് സംസ്ഥാനത്തെ മുൻനിര സ്ഥാപനമായ കോട്ടയം ജില്ലയിലെ പാലാ ബ്രില്യന്റ് സ്റ്റഡി സെന്ററിൽ വച്ച് താമസം, ഭക്ഷണം എന്നീ സൗകര്യങ്ങളോട് കൂടി 80 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിയിരുന്നു. ആയതിലേക്കായി 2016-17 സാമ്പത്തിക വർഷം 77,18,000/-രൂപ ചെലവഴിച്ചിട്ടുണ്ട്.<br>2017-ലെ നീറ്റ് പ്രവേശന പരീക്ഷയ്ക്ക് മുന്നോടിയായി 2017 ഏപ്രിൽ മുതൽ 82 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരു മാസത്തെ ക്രാഷ് കോഴ്സ് പാലാ ബ്രില്യന്റ് സ്റ്റഡി സെന്റർ മുഖാന്തിരം ഏറ്റുമാനൂർ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ വച്ച് നടത്തിയിരുന്നു. ആയതിലേയ്ക്കായി 2016-17 സാമ്പത്തിക വർഷം 28,24,000/-രൂപ കാഞ്ഞിരപ്പള്ളി പ്രോജക്ട് ഓഫീസർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സംസ്ഥാനത്തിന് പുറത്തും വിദേശത്തും ജോലി നേടുന്നതിനുള്ള അവസരങ്ങൾ ഒരുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ഡി) | നിശ്ചിത കോഴ്സുകളിൽ അടിസ്ഥാന വിദ്യാഭ്യാസം കൈവരിക്കുന്നതുകൊണ്ടു മാത്രം പട്ടികവർഗ്ഗക്കാർക്ക് ജോലി ലഭിക്കുന്നതിനുള്ള സാധ്യത കുറവാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് വകുപ്പ് കേരളത്തിനകത്തും പുറത്തുമുള്ള തൊഴിൽ നൈപുണ്യ പരിശീലന കേന്ദ്രങ്ങളുമായി സഹകരിച്ച് വിദഗ്ധ പരിശീലനം നൽകി, പ്രസ്തുത ഏജൻസികൾ വഴി തന്നെ ജോലി ഉറപ്പാക്കുന്ന പരിപാടികളാണ് നടന്നു വരുന്നത്. നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ, കെൽട്രോൺ, സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി, കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ തുടങ്ങി വിവിധ സർക്കാർ, സർക്കാരിതര ഏജൻസി വഴിയാണ് ഈ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. കൂടാതെ ഇന്ത്യയിലും വിദേശത്തും ജോലികളുള്ള അവസരങ്ങൾക്ക് സഹായം നൽകുന്നതിനും 2017-18 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ